(എ) സംസ്ഥാന കേരളോത്സവം അടുത്ത വർഷം ഏതു ജില്ലയിൽ വച്ച് നടത്താനാണ് ഉദ്ദേശിക്കുന്നത്:

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാലാവധി ഈ വർഷം പൂർത്തിയാകുന്നതുകൊണ്ടും, തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെര ഞ്ഞെടുപ്പ് നടക്കുന്നതിനാലും അടുത്ത വർഷത്തെ കേരളോത്സവം പ്രാഥമിക ഘട്ടം മുതൽ തടസ്സംവരാതെ നടക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടി ട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) അടുത്ത വർഷം തൃശ്ശൂർ ജില്ലയിൽ വച്ച് നടത്താനാണ് ഉദ്ദേശി ക്കുന്നത്.

(ബി) ആന്റ് (സി)

അടുത്ത വർഷത്തെ കേരളോത്സവം തടസ്സം വരാതെ നടത്തുന്നതി നുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

കലാസമിതികൾക്ക് ഗ്രാന്റ്

22 (3421) ശ്രീ. എ. അലി ഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർ നടത്തുന്ന കലാസമിതികൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര കലാസമിതികൾക്ക് ഗ്രാന്റ് നൽകുന്നുണ്ടെന്നും എത്ര രൂപ വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) കലാസമിതികൾക്കോ; അവശകലാകാരൻമാർക്കോ സാമ്പത്തിക സഹായം പട്ടികജാതി പട്ടികക്ഷേമ വകുപ്പു മുഖേന നൽകുന്നതിനുള്ള നട പടി ക്രമം വ്യക്തമാക്കുമോ;

(സി) പ്രോത്സാഹനം ലഭിക്കാതെ വിഷമിക്കുന്ന കലാകാരൻമാരെ കണ്ടുപിടിച്ച് സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലില്ല. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കലകൾ, കരകൗശലവൈദഗ്ദ്ധ്യം എന്നിവ പരിപോഷിപ്പിക്കുന്നതിനായി കിർത്താ ഡ്സിന്റെ കീഴിൽ ആദികലാകേന്ദ്രം എന്ന ഒരു സ്കീം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ 2000-2001 വർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കലാസമിതി കൾക്ക് ഗ്രാന്റ് നല്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആന്റ് (സി) പട്ടികജാതി കലാസമിതികൾ മുഖ്യകലകാരൻമാർ, കരകൗശല വിദഗ്ദ്ധർ തുടങ്ങിയവരെ കണ്ടെത്തുന്നതിന് നേരിട്ടും പത്രങ്ങൾ മുഖേനയും സർവേ നടത്തിവരുന്നു. ശാസ്ത്രീയമായി അർഹതയുളളവരെ കണ്ടെത്തി ലഭ്യമായ പദ്ധതി വിഹിതം അനുസരിച്ച് ഗ്രാന്റ് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly